ഉൾപ്പെടുത്തിക്കൊണ്ടാണ് നടപടി സ്വീകരിച്ചിരിക്കുന്നത്. അതുകൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ മുൻപാകെ സമർപ്പിച്ച 7,04,45,000 രൂപയുടെ ഒരു പ്രോജക്ട് ഉണ്ട്. അതിന് കേന്ദ്രത്തിൽ നിന്നും അനുമതി കിട്ടിക്കഴിഞ്ഞിരിക്കുകയാണ്. കേരളത്തിലെ പ്രധാനപ്പെട്ട തീർത്ഥാടന കേന്ദ്രങ്ങൾ വർക്കല ജനാർദ്ദനസ്വാമി ടെമ്പിൾ, അമ്പലപ്പുഴ ടെമ്പിൾ, പരുമല ചർച്ച്, ഓച്ചിറ ടെമ്പിൾ, വല്ലാർപാടം ചർച്ച്, വൈക്കം മഹാദേവ ടെമ്പിൾ, ചേരമാൻ മസ്ജിദ്, ഭരണങ്ങാനം ചർച്ച്, തിരുനാവായ ടെമ്പിൾ, കൊട്ടിയൂർ ടെമ്പിൾ, കൂടൽ മാണിക്യം ടെമ്പിൾ, വെള്ളായണി ദേവീക്ഷേത്രം, ആറാട്ടുപുഴ ടെമ്പിൾ എന്നിവയോടൊപ്പം ചെട്ടിക്കുളങ്ങര ക്ഷേത്രവും ഉൾപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പല പ്രാവശ്യം ആവശ്യപ്പെട്ടതും അഭ്യർത്ഥിച്ചതുമാണ്. ഇപ്പോൾ ഇതിനകത്ത് കൂട്ടിച്ചേർക്കുന്ന ക്ഷേത്രങ്ങൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതിക്കു വേണ്ടിയുള്ള അന്തിമ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കേവലം പത്ത് ദിവസത്തിനുള്ളിൽ ഭരണാനുമതി നൽകാൻ കഴിയും. മാർച്ച് മാസം ആദ്യത്തോടുകൂടി ഇതിന്റെ പ്രവർത്തനം തുടങ്ങാൻ കഴിയും. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 14 കോടി രൂപ, തീർത്ഥാടന കേന്ദ്രങ്ങൾ കണക്ട് ചെയ്തു കൊണ്ടുള്ള പ്രവർത്തനങ്ങൾക്കായി കൊടുത്തിട്ടുണ്ട്. ആലപ്പുഴ അർത്തിങ്കൽ ചർച്ച്, പുങ്കാവ് ചർച്ച് തുടങ്ങിയ പള്ളികളും ക്ഷേത്രങ്ങളും മുസ്ലീം ദേവാലയങ്ങളുമൊക്കെ അപേക്ഷ കിട്ടിയ മുറയ്ക്കാണ് കേന്ദ്ര ഗവൺമെന്റിന്റേയും സംസ്ഥാന ഗവൺമെന്റിന്റേയും അനുമതിയോടു കൂടി നടപ്പിലാക്കിയിട്ടുള്ളത്.

(8) ചാത്തന്നൂർ മണ്ഡലത്തിലെ മുട്ടയ്ക്കാവ് പാലത്തിന്റേയും പരവൂർ കോടതി സമുച്ചയത്തിന്റേയും പണി പുനരാരംഭിക്കണമെന്ന ആവശ്യം

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സർ, കൊല്ലം ആയൂർ റോഡിൽ എന്റെ നിയോജകമണ്ഡലത്തിലെ മുട്ടയ്ക്കാവ് പാലം 1998-ൽ കേരള കൺസ്ട്രക്ഷൻ കോർപ്പറേഷനാണ് ഏറ്റെടുത്ത് പണിയാരംഭിച്ചത്. രണ്ട് വർഷത്തിനകം പണി പൂർത്തിയാക്കേണ്ടിയിരുന്ന ഈ പാലം അഞ്ച് വർഷമായിട്ടും 25 ശതമാനം പണിപോലും പൂർത്തിയാക്കാത്തതുകൊണ്ട് അവരെ 2003-ൽ ടെർമിനേറ്റ് ചെയ്തു. പിന്നീട് രണ്ട് തവണ ടെണ്ടർ ചെയ്തിട്ടും എസ്റ്റിമേറ്റ് റിവൈസ് ചെയ്യാത്തതുകൊണ്ട് കോൺട്രാക്ടർമാർ ടെണ്ടർ കൈക്കൊണ്ടില്ല. അതിനുശേഷം ആരംഭിച്ച കെ.എസ്.ടി.പി.-യിലെ കൊല്ലം ആയൂർ റോഡിന്റെ പണി പൂർണ്ണമായും പൂർത്തിയായി. പക്ഷേ വർഷം എട്ടായിട്ടും ഈ പാലം പണി 25 ശതമാനത്തിൽ നിൽക്കുന്നതിൽ നിന്നും ഒരിഞ്ചുപോലും മുന്നോട്ടുപോയിട്ടില്ല. ആ പണി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണം. അതുപോലെതന്നെ പരവൂർ കോടതിയുടെ പണി 2004 ജനുവരിയിൽ ആരംഭിച്ച് 2005-ൽ പൂർത്തിയാക്കേണ്ടിയിരുന്നുവെങ്കിലും ജില്ലാകോടതി ജഡ്ജിയുടെ നിർദ്ദേശാനുസരണം കരാറുകാരനെ 2005-ൽ ടെർമിനേറ്റ് ചെയ്തുവിട്ടു. പക്ഷെ പിന്നീട് ഇതുവരെ പുനർ ദർഘാസ് നടന്നിട്ടില്ല. ഇപ്പോൾ അതിന്റെ പ്രവർത്തനം നിലച്ചിരിക്കുകയാണ്. അതും പൂർത്തിയാക്കുന്നതിന് മരാമത്ത് വകുപ്പുമന്ത്രി നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, കൊല്ലം ആയൂർ റോഡിലെ മുട്ടയ്ക്കാവ് പാലത്തിന് 105.50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും 139 ലക്ഷം രൂപയ്ക്ക് സാങ്കേതിക അനുമതി നൽകുകയും ചെയ്തു. പ്രസ്തുത പണി ചെയ്യുന്നതിനായി 78.56 ശതമാനം അധികമായി കേരള സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏല്പിക്കുകയും ചെയ്തു. കാലാവധി നീട്ടിയിട്ടും പണി വേണ്ടത്ര പുരോഗതിയിലല്ലാത്തതിനാൽ റിസ്ക് ആന്റ് കോസ്റ്റ് വ്യവസ്ഥയിൽ കരാർ ഒഴിവാക്കി. ബാക്കി പണികൾക്കുവേണ്ടിയുള്ള എസ്റ്റിമേറ്റ് 1996-ലെ നിരക്കിൽ അംഗീകരിക്കുകയും രണ്ട് പ്രാവശ്യം ദർഘാസ് ക്ഷണിച്ചിട്ടും പ്രതികരണം ഇല്ലാത്തതിനാൽ കമ്മട്ടേഷൻ ക്ഷണിക്കാൻ നിർദ്ദേശം നൽകിയിരിക്കുകയുമാണ്. നബാർഡിന്റെ ആർ.ഐ.ഡി.എഫ്. സ്കീം പ്രകാരം അനുവദിച്ച പാലമായതിനാൽ ധനസഹായ കാലാവധി നീട്ടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പരവൂർ മുൻസീഫ് കോടതി നിർമ്മാണത്തിനായി 2003 ഡിസംബറിൽ ശ്രീ. ബാബു എന്ന കരാറുകാരൻ എഗ്രിമെന്റ് വച്ചു. 56 ലക്ഷം രൂപയാണ് എസ്റ്റിമേറ്റ് തുക. 2004 ഡിസംബറിൽ കാലാവധി തീരുന്നതിനുമുമ്പായി 15 ശതമാനം പണികൾ മാത്രമേ തീർന്നുള്ളൂ. പണി തീർക്കുന്നതിനുവേണ്ടി കോൺട്രാക്ടർ കൂടുതൽ സമയം ആവശ്യപ്പെടുകയോ പണി തുടങ്ങാൻ തയ്യാറാകുകയോ ചെയ്തില്ല. ആയതിനാൽ റിസ്ക് ആന്റ് കോസ്റ്റ് വ്യവസ്ഥയിൽ കരാർ റദ്ദാക്കി റിസ്ക് ആന്റ് കോസ്റ്റിൽ ബാക്കി പണികൾ ചെയ്യുന്നതിന് ടെണ്ടർ നടപടികൾ ആവശ്യമായതിനാൽ 15-3-2006-ൽ ടെണ്ടർ ചെയ്യാൻ തീരുമാനിച്ചു.

(9) ക്ഷീര കർഷകർക്ക് പെൻഷൻ പദ്ധതി

ശ്രീ. ടി. കെ. ദേവകുമാർ: സർ, കോളിംഗ് അറ്റൻഷനായി തന്നതാണ്. സബ്മിഷനായി അവതരിപ്പിച്ച് പെട്ടെന്ന് പൂർത്തിയാക്കാം. കേരളത്തിലെ മുഴുവൻ ക്ഷീര കർഷകരേയും സംബന്ധിച്ച പ്രശ്നമാണ്. ക്ഷീര കർഷകർക്കുവേണ്ടി കേരള ക്ഷീര കർഷക ക്ഷേമ ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ ഇതിൽ അടിയന്തിരമായി ഒരു പരിശോധന ഉണ്ടാകേണ്ടിയിരിക്കുന്നു എന്നുള്ളതാണ് പ്രധാനമായും ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. കേരളത്തിൽ മറ്റെല്ലാ പെൻഷനുകൾക്കും പ്രായപരിധി 60 ആയിരിക്കേ ക്ഷീര കർഷകരുടെ പെൻഷന് 65 വയസ്സാണെന്നാണ് ഓർഡിനൻസിൽ പറയുന്നത്. അതോടൊപ്പംതന്നെ പെൻഷൻ നൽകുന്നതിനുള്ള വിഭവ സമാഹരണം പൂർണ്ണമായും പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങളിൽനിന്നാണ്. പ്രതിദിനം ലഭിക്കുന്ന ഓരോ ലിറ്റർ പാലിനും 25 പൈസ ക്രമത്തിൽ വൻതുകയാണ് പ്രാഥമിക സംഘങ്ങളിലേക്ക് അടയ്ക്കേണ്ടിവരുന്നത്. ക്ഷേമനിധിയിൽനിന്നും പെൻഷൻ അല്ലാതെ മറ്റെന്തെങ്കിലും ആനുകൂല്യങ്ങൾ നൽകുമെന്ന് ഈ ഓർഡിനൻസിൽ പറയുന്നില്ല. ഉദാഹരണത്തിന് ചികിത്സാ സഹായം, പെൺമക്കളുടെ വിവാഹം, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്നിവയ്ക്ക് ക്ഷേമനിധിയിൽനിന്നും ഒരു ആനുകൂല്യവും പറയുന്നില്ല. അതുപോലെ പ്രാഥമിക സംഘങ്ങളിൽനിന്നും അന്യ സംസ്ഥാനങ്ങളിൽനിന്നും പാൽ സംഭരിച്ച് വിതരണം ചെയ്യുക വഴി മിൽമയ്ക്ക് ലഭിക്കുന്ന ലാഭത്തിൽനിന്നും യാതൊരു പങ്കും

LIBRARY ARCHIVES Kerala Legislative Assembly